# ഹർത്താൽ എന്ന ബന്ദ്

**ഇക്കഴിഞ്ഞ** ഫെബ്രുവരി 15-നും ഇരുപതിനുമിടയിൽ ബന്ദുകൾ രണ്ടെണ്ണമാണ് കേരളത്തിലരങ്ങേറിയത്. ബന്ദാചരണം കോടതി നിരോധിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഔദ്യോഗികമായി ആഹ്വാനം ചെയ്യപ്പെടുന്നത് പണിമുടക്കും ഹർത്താലുമൊക്കെയാണ്. സംഗതി ബന്ദുതന്നെ. ഫെബ്രുവരി 17-ന് നടന്നത് മോട്ടോർ വാഹന മേഖലയെ മാത്രം ഉദ്ദേശിച്ച് വാഹനമുടമകൾ പ്രഖ്യാപിച്ച ട്രാൻസ്പോർട്ട് പണിമുടക്കായിരുന്നു. ഞായർ അവധിയും വാഹനമുടക്കവും കൂടി ചേർന്നപ്പോൾ ബന്ദിന്റെ ഫലം ചെയ്തു. വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് ഐക്യ ജനാധിപത്യ മുന്നണി ആഹ്വാനം ചെയ്ത ഹർത്താലായിരുന്നു 19-ന്. നേതാക്കൾ പ്രഖ്യാപിക്കുന്നത് പണിമുടക്കായാലും ഹർത്താലായാലും തങ്ങൾ ആചരിച്ചു വിജയിപ്പിച്ചുകൊടുക്കേണ്ടത് സമ്പൂർണ ബന്ദാണെന്നും അല്ലെങ്കിൽ തടികേടാകുമെന്നും ജനങ്ങൾക്കറിയാം. കൊടുങ്കാറ്റും വെള്ളപ്പൊക്കവും പോലെ ഒഴിവാക്കാനാവാത്ത അത്യാഹിതമായിട്ടാണ് ആളുകൾ ഈയിടെയായി ബന്ദുകളെ, അല്ല ഹർത്താലുകളെ സ്വീകരിക്കുന്നത്. കാറ്റും മഴയും എന്തിനുണ്ടാകുന്നു, എങ്ങനെയുണ്ടാകുന്നു എന്നൊന്നും സാധാരണക്കാർ അന്വേഷിക്കാറില്ലല്ലോ. അതു സൃഷ്ടിക്കുന്ന ആപത്തുകളിൽനിന്ന് രക്ഷപെടുക എന്നതിലാണവരുടെ ശ്രദ്ധ. അതുപോലെ ബന്ദുകൾ വരുമ്പോൾ ആർക്കുവേണ്ടി, എന്തിനുവേണ്ടി എന്നൊന്നും നോക്കാതെ ആളുകൾ ഭീതിതരായി അതിനു കീഴടങ്ങിക്കൊടുക്കുന്നു. ബന്ദ്/ഹർത്താൽ ആഹ്വാനം ജനങ്ങൾക്കുനേരെ രാഷ്ട്രീയക്കാർ ഉയർത്തുന്ന ഒരു ഭീഷണിയാണ്. ഇന്ന ദിവസം ഹർത്താൽ എന്ന് ഒരു പാർട്ടി പ്രഖ്യാപിക്കുന്നതിനർഥം ആ ദിവസം ജനങ്ങളെല്ലാവരും കടകമ്പോളങ്ങളും തൊഴിൽ ശാലകളും അടച്ചിട്ട് വീട്ടിലിരിക്കണമെന്നും ഇല്ലെങ്കിൽ ഞങ്ങൾ എല്ലാം തച്ചു തകർക്കുമെന്നുമാണ്. ബന്ദുകൾക്കെതിരെ സമരം പ്രഖ്യാപിച്ച നേതാക്കളുള്ള കോൺഗ്രസ് പാർട്ടി നേതൃത്വം നൽകുന്ന യു.ഡി.എഫ് ആണ് 19-ാം തീയതിയിലെ ഹർത്താൽ ആഹ്വാനം ചെയ്തത്. അവർ ജനാധിപത്യ മര്യാദ പാലിക്കുകയും മൗലികാവകാശങ്ങൾ മാനിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ച് ചില ശുദ്ധഗതിക്കാർ രാവിലെ കടകൾ തുറക്കുകയും വാഹനങ്ങൾ നിരത്തിലിറക്കുകയുമുണ്ടായി. ആ പാവങ്ങൾ ശരിക്കും 'വിവരമറിയുക'യും ചെയ്തു. അങ്ങനെ യു.ഡി.എഫ് ബന്ദ് സമ്പൂർണ വിജയമായി.

കേരളത്തിൽ ഏതു പാർട്ടിക്കും നൂറു ശതമാനം വിജയം ഉറപ്പു നൽകുന്ന പ്രവർത്തനമാണ് ബന്ദ്, അല്ല ഹർത്താൽ. ഹർത്താൽ എന്ന പേരുപോലെ അതിൽ അവകാശപ്പെടുന്ന വിജയവും തികഞ്ഞ കാപട്യമാണ്. കേരളത്തിൽ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ പോലും സ്വന്തം സ്ഥാനാർഥിയെ വിജയിപ്പിക്കാൻ കഴിയാത്ത പാർട്ടികളും ഇവിടെ ഹർത്താൽ ആഹ്വാനം ചെയ്ത് ഗംഭീര വിജയം കൊയ്യുന്നത് ആ കാപട്യത്തിന്റെ ആഴം തുറന്നു കാണിക്കുന്നു. ജനങ്ങളുടെ ഭീതിയും നിസ്സഹായതയുമല്ലാതെ മറ്റൊന്നുമല്ല ഈ മഹാവിജയങ്ങൾ. ഞങ്ങൾ ഇന്ന പ്രശ്നത്തിന്റെ പേരിൽ ഇന്ന ദിവസം ബന്ദ് ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. പ്രശ്നത്തിൽ ഞങ്ങളുടെ നിലപാടിനോടനുഭാവമുള്ളവർ അതനുസരിക്കണം. അല്ലാത്തവർക്ക് കട കമ്പോളങ്ങൾ തുറക്കാം. ഇഷ്ടാനുസാരം സഞ്ചരിക്കാം. ഇങ്ങനെയൊരു ബന്ദു പ്രഖ്യാപനം നടത്താനും അതിൽ ഉറച്ചു നിൽക്കാനും ധൈര്യമുള്ള ഏതെങ്കിലും പാർട്ടിയുണ്ടോ? അങ്ങനെയൊരു ബന്ദ് പ്രഖ്യാപിക്കുമ്പോഴേ ബന്ദിനോടുള്ള ജനങ്ങളുടെ യഥാർഥ പ്രതികരണം വ്യക്തമാകൂ. അത്തരം ബന്ദുകളിലേ ജനവികാരം വെളിപ്പെടുകയുമുള്ളൂ. ഹർത്താലിന്റെ പേരിൽ ഇപ്പോൾ നടക്കുന്നത് ഫാഷിസവും ഗുണ്ടായിസവുമാണ്. പാർട്ടി പ്രവർത്തകരുടെ ജനസ്വാധീനമല്ല, മസിൽ പവറാണ് അത് വിജയിപ്പിക്കുന്നത്.

കഴിഞ്ഞ ഹർത്താലിന് ആധാരമായ വിഷയം തീർച്ചയായും ഗൗരവമേറിയതു തന്നെ. നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയരുമ്പോൾ സാധാരണക്കാരന്റെ വയറ്റിലും നെഞ്ചിലും ഒരു പോലെ തീയാളുകയാണ്. പക്ഷേ, പ്രശ്നത്തിന്റെ ഗൗരവം ജനങ്ങളുടെ മേൽ ബന്ദ് അടിച്ചേൽപിക്കാനുള്ള ന്യായമാകുന്നില്ല. ബന്ദുകൊണ്ട് അവരുടെ വയറ്റിലെ തീ കൂടുതൽ ആളുകയല്ലാതെ, കെട്ടടങ്ങാൻ പോകുന്നുമില്ല. പ്രശ്നങ്ങളോടു പ്രതികരിക്കാനുള്ള യുക്തമായ മാർഗം ബന്ദാചരണമാണെന്ന് ജനങ്ങൾ കരുതുകയും അതാചരിക്കാൻ അവർ സ്വയം സന്നദ്ധരാവുകയും ചെയ്യുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. 'ഇല്ല' എന്നാണതിന്റെ സത്യസന്ധമായ ഉത്തരം. അതുകൊണ്ടാണ് ബന്ദ് വിജയിപ്പിക്കാൻ പാർട്ടിക്കാർ വാളും കുന്തവുമായി ഇറങ്ങേണ്ടി വരുന്നത്.

മുന്നുകോടിയിൽപരം ജനങ്ങളുള്ള കേരളത്തിന്റെ ആളോഹരി വരുമാനം വളരെ തുഛമാണ്. കാർഷിക മേഖല തകർന്നു കിടക്കുന്നു. വ്യവസായങ്ങൾ മുരടിക്കുന്നു. അമ്പതു ലക്ഷത്തോളമാണ് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ സംഖ്യ. അമ്പതിനായിരം കോടിയോളം വരും സംസ്ഥാനത്തിന്റെ കടം. ഏഴായിരം കോടിയാണ് വാർഷിക ബജറ്റിലെ കമ്മി. എല്ലാറ്റിന്റെയും അടിസ്ഥാന കാരണം സംസ്ഥാനത്തിന്റെ ഉൽപാദനക്കമ്മിയാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. ഈ അവസ്ഥയിലുള്ള ഒരു സംസ്ഥാനത്ത് ജനങ്ങൾ സ്വമനസ്സാ സഹകരിക്കാൻ തയാറായാൽ പോലും ബന്ദ് പോലുള്ള സമര രീതികൾ അവലംബിക്കുന്നത് ആരോഗ്യകരമാണോ എന്ന് ജനക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടികൾ ഉറക്കെ ചിന്തിക്കേണ്ടതാണ്. മൂന്നുകോടി ജനങ്ങൾ ബന്ദ് ആചരിക്കുകയെന്നാൽ മുന്നു കോടി തൊഴിൽദിനം പാഴാക്കുകയാണ്. മുന്നുകോടി ദിവസം എത്ര ആയിരം മനുഷ്യായുസ്സുകളുണ്ടാകുമെന്നറിയാൻ ഒരു നിമിഷം മനക്കണക്കു കൂട്ടിയാൽ മതിയാകും. ആർക്കും ഒരിക്കലും പുനരുൽപാദിപ്പിക്കാൻ കഴിയാത്ത വിഭവമാണ് പാഴായിപ്പോകുന്ന സമയം എന്നു കൂടി ഓർക്കുക. ■